## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 227 05-10-2016-ൽ മറുപടിയ്ക്ക്

### 'പഠനമുറി ' പദ്ധതി മുഖേനയുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മുഹമ്മദ് മുഹസിൻ.പി**<br>**" ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി ഇ.എസ്. ബിജിമോൾ**<br>**" സി.കെ. ആശ** | | **ശ്രീ. എ.കെ.ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികജാതി വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | എ) | പട്ടികജാതി വിഭാഗങ്ങളിലെ പെൺകുട്ടികൾക്കു മാത്രമായി ഹോസ്റ്റലുകൾ നടത്തിവരുന്നുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്ത് പട്ടികജാതി വിഭാഗത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം പദ്ധതികൾ നിലവിലില്ല. പട്ടികജാതി വികസന വകുപ്പ് നൽകി വരുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യ ങ്ങളും വിദ്യാർത്ഥിനികൾക്കും നൽകി വരുന്നു. |
| ബി) | 'പഠനമുറി ' പദ്ധതി മുഖേന എന്തൊക്കെ ആനുകൂല്യ ങ്ങളാണ് പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നത് ; വിശദമാക്കുമോ ; | ബി) | വീടിനോട് ചേർന്ന് 120 സ്ക്വയർഫീറ്റ് വിസ്തൃതിയുള്ളതും മേൽക്കൂര കോൺക്രീറ്റ് ചെയ്ത് തറ ടൈൽസ് പാകിയതും പുസ്തകം സൂക്ഷിക്കുന്നതിനുള്ള ഭിത്തി അലമാര (2 കുട്ടികൾക്കാവശ്യമുള്ളത്) ലൈറ്റ്, ഫാൻ, സ്റ്റഡിഡെസ്ക്, 3 പ്ലാസ്റ്റിക് കസേരകൾ, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ എന്നീ സൗകര്യങ്ങളുള്ള പഠന മുറി പട്ടികജാതി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്ന തിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ